"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം -പത്തനംതിട്ട മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (എൻ. എസ്.) ശ്രീമതി റ്റിന്റു സാറാ മോസസ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4535/2026/GEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. ശ്രീമതി റ്റിന്റു സാറാ മോസസ് സമർപ്പിച്ച 25.08.2024 ലെ റിവിഷൻ ഹർജി.
2. കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02.11.2025 ലെ DEOKTM/2119/2025-ബി2 നമ്പർ കത്ത്.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.11.2025 ലെ DEOPTA/2066/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.11.2025 ലെ ഇ.റ്റി.3/22161/2025/ഡി.ജി.ഇ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. ശ്രീമതി റ്റിന്റു സാറാ മോസസിന്റെ യു.പി.എസ്.റ്റി. നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജിയിൽ 11/11/2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി.

2. ഹർജിക്കാരി ശ്രീമതി റ്റിന്റു സാറാ മോസസിന്റെ വാദം ചുവടെപ്പറയും പ്രകാരമായിരുന്നു.

"കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ 2017-18 വർഷം അനുവദിച്ച അധിക ഡിവിഷൻ യു.പി.എസ്.റ്റി. തസ്തികയിൽ 02/07/2018 മുതൽ തുടർച്ചയായി ഹർജിക്കാരിയെ മാനേജർ നിയമിച്ചു. അധിക ഡിവിഷൻ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(1) ലെ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയതിനാൽ തദവസരത്തിൽ അംഗീകാരം ലഭിച്ചില്ല. 02/07/2018 മുതൽ തുടർച്ചയായി ടി അധിക ഡിവിഷൻ യു.പി.എസ്.റ്റി. തസ്തികയിൽ നിയമനം ലഭിച്ച് അംഗീകാരം ലഭിക്കാതെ സേവനത്തിൽ തുടർന്ന ഹർജിക്കാരിയെ ടി മാനേജ്മെന്റിന് കീഴിലുള്ള പത്തനംതിട്ട കുഴിക്കാല സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ യു.പി.എസ്.റ്റി. തസ്തികയിൽ സേവനത്തിലിരുന്ന ശ്രീമതി. ജൂലി മാത്യുവിനെ 06/06/2019 മുതൽ മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിലേക്ക് സ്ഥലം മാറ്റി നിയമിച്ചതുമൂലം സംജാതമായ റഗുലർ ഒഴിവിലേക്ക് മാറ്റി ക്രമീകരിച്ച്

01/07/2019 മുതൽ നിയമിച്ചിരുന്നു.

01/07/2019 മുതലുള്ള ടി നിയമനത്തിന് 07/11/2023 തീയതിയിലെ ബി4/13729/2023 നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി നിയമന തീയതി മുതൽ ശമ്പള സ്കെയിലിൽ പ്രൊവിഷണലായി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള കോട്ടയം സി.എം.എസ്. കോളജ് ഹയർ സെക്കന്ററി സ്കൂളിലെ 2017-18 വർഷം അനുവദിച്ച അധിക തസ്തികയിലെ ആദ്യ നിയമനത്തിന് പിന്നീട് 06/02/2021 തീയതിയിലെ സ.ഉ.(പി)നം.4/2021/പൊ.വി.വ. നമ്പർ ഉത്തരവിലെലെ വ്യവസ്ഥകൾക്ക് വിധേയമായി കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/07/2024 തീയതിയിലെ ബി2/56223/2023 നമ്പർ ഉത്തരവ് പ്രകാരം 02/07/2018 മുതൽ 30/06/2019 വരെ പരിമിതപ്പെടുത്തി നോഷണലായി നിയമനാംഗീകാരം ലഭിക്കുകയുണ്ടായി. 15/07/2017 മുതലുള്ള അംഗീകൃത വേക്കൻസിയിൽ 02/07/2018 മുതൽ തുടർച്ചയായി നിയമനം ലഭിച്ച് സേവനത്തിൽ പ്രവേശിക്കുകയും നിയമനാംഗീകാരം ലഭിക്കാതെ സേവനത്തിൽ തുടർന്ന് വരവെ ഹർജിക്കാരിയെ നിയമനാംഗീകാരവും ശമ്പളവും ലഭിക്കാനുതകുന്ന മറ്റൊരു വേക്കൻസി കുഴിക്കാല സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ തൊട്ടടുത്ത് ലഭ്യമായ മുറയ്ക്ക് ടി വേക്കൻസിയിലേക്ക് തുടർച്ചയായി 01/07/2019 മുതൽ മാറ്റി ക്രമീകരിച്ച് നിയമിക്കുകയും ആദ്യ നിയമനത്തിന് 30/06/2019 വരെ പരിമിതപ്പെടുത്തി റഗുലർ ശമ്പള സ്കെയിലിൽ നോഷണലായും 01/07/2019 മുതലുള്ള നിയമനത്തിന് ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി ശമ്പള സ്കെയിലിൽ പ്രൊവിഷണലായും നിയമനാംഗീകാരം ലഭിച്ച് സേവനത്തിൽ തുടർന്ന് വരവേ 01/07/2025 മുതൽ മല്ലപ്പള്ളി സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ പ്രൊമോഷൻമൂലമുണ്ടായ എച്ച്.എസ്.റ്റി. നാചറൽ സയൻസ് വേക്കൻസിയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. 01/07/2025 മുതലുള്ള ടി സ്ഥാനക്കയറ്റത്തിന് അംഗീകാരം ലഭിക്കാതെ സേവനത്തിൽ തുടന്നു വരുന്നു.

ഹർജിക്കാരിയുടെ അധിക ഡിവിഷൻ വേക്കൻസിയിൽ കെ.ഇ.ആർ. അദ്ധ്യായം 14 ചട്ടം 7 അനുശാസിക്കുന്ന Form-27 ൽ നടത്തിയ ആദ്യ നിയമനം 02/07/2018 മുതൽ തുടർച്ചയായിട്ടായിരുന്നു. ടി നിയമനം പിന്നീട് 30/06/2019 വരെ പരിമിതപ്പെടുത്തിയാണ് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ടി വേക്കൻസി 30/06/2019 ന് ശേഷവും നിലനിൽക്കുന്നതാണ്. അതുപോലെതന്നെ നിയമനവും തുടർച്ചയായിട്ടാണ് നടത്തിയിട്ടുള്ളത്. കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 49 ലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടുന്നതിനാൽ നിയമനാംഗീകാരം പരിമിതപ്പെടുത്താനാവുന്നതല്ല. ഇവിടെ വേക്കൻസിയുടെ ദൈർഘ്യം (duration of vacancy) പരിഗണിക്കാതെ ഹർജിക്കാരി വിടുതൽ ചെയ്ത് പോയശേഷം കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 8(2) ലെ നിബന്ധനകൾ പാലിച്ച നിയമനാംഗീകാരം നൽകാൻ കഴിയാതെ പോയതിനാലാണ് ജോലിചെയ്ത കാലയളവ് പരിഗണിച്ച് ഇപ്രകാരം 30/06/2019 വരെ പരിമിതപ്പെടുത്തി പിന്നീട് അംഗീകാരം നൽകിയിരിക്കുന്നത് എന്ന് കാണാവുന്നതാണ്. മറിച്ചായിരുന്നെങ്കിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം 02/07/2018 മുതൽ തുടർച്ചയായി ലഭിക്കുമായിരുന്നു. ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള നിയമനവും 01/07/2019 മുതലുള്ള നിയമനവും വ്യവസ്ഥാപിത വേക്കൻസികളിലാണ്. 02/07/2018 മുതലുള്ള നിയമനം 15/07/2017 മുതൽ നിലവിൽ വന്നതും

തുടർന്ന് പോരുന്ന വേക്കൻസിയാണ്. 30/09/2019 വരെ പരിമിതപ്പെട്ട ഹ്രസ്വകാല വേക്കൻസി അല്ല. കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 49, 52 പ്രകാരം ടെർമിനേഷനോ റീട്രഞ്ച്മെന്റോ സംഭവിച്ചിട്ടില്ലാത്തതുമാണ്. അതിനാൽ 02/07/2018 മുതൽ 30/06/2019 വരെയുള്ള അംഗീകൃത സേവനകാലം ബ്രോക്കൺ സർവ്വീസായും പരിഗണിക്കാനാവുന്നതല്ല. അതിനാൽ 02/07/2018 മുതലുള്ള സേവനം തുടർച്ചയായ സർവ്വീസായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അർഹതയുണ്ട്.

02/06/2018 മുതൽ അധിക ഡിവിഷൻ വേക്കൻസിയിൽ കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(1) ലെ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ നിയമനമായതിനാലാണ് തദവസരത്തിൽ അംഗീകാരം ലഭിക്കാൻ കാലതാമസം നേരിട്ടത്. ഇക്കാരണത്താലാണ് 06/06/2019 മുതൽ ടി മാനേജ്മെന്റിൽ മറ്റൊരു റഗുലർ വേക്കൻസി സംജാതമായപ്പോൾ പ്രസ്തുത വേക്കൻസിയിലേക്ക് മാറി ക്രമീകരിച്ച് മാനേജർ നിയമനം നടത്തിയത്. ഒരു വ്യക്തിയെ ടീച്ചറാകാൻ പൂർണ്ണമായ യോഗ്യതയുള്ളതായി തെരഞ്ഞെടുത്ത മാനേജർക്ക് ആ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിയാനാകില്ല. പൂർണ്ണ യോഗ്യതയുള്ള വ്യക്തിയായി (qualified hand) താൻതന്നെ എല്ലാ പരിശോധനകളും നടത്തിയശേഷം മുമ്പ് തെരഞ്ഞെടുത്ത്, എന്നാൽ നിലനിന്നിരുന്ന സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി, സംരക്ഷിത അദ്ധ്യാപകരെയോ, ചട്ടം 43, 51 എ, 51 ബി അവകാശികളെയോ നിയമിക്കേണ്ട ഒഴിവുകളിലേക്കു നിയമിച്ചതുമൂലം അംഗീകാരം ലഭിക്കില്ല എന്നുറപ്പുള്ള ഒഴിവിൽ നിയമിച്ച ടീച്ചറെ പ്രസ്തുത സ്കൂളിലോ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിലോ അംഗീകാരം ലഭിക്കാവുന്ന ഒഴിവ് നിലവിൽ വരുമ്പോൾ അതിലേക്ക് മാറ്റി നിയമിക്കാതെ ഒഴിയാനുമാകില്ല. ഈ നിബന്ധനയാണ് "Whenever vacancy occurs, the Manager shall follow the directions issued by Govt. from time to time, for assertaining the availability of qualified hand and for filling up of vacancy" എന്ന വ്യവസ്ഥയും കേരള വിദ്യാഭ്യാസ നിയമങ്ങൾ സെക്ഷൻ 11 ലെ വ്യവസ്ഥയും ഒരുമിച്ച് ചേർന്ന് മാനേജരെ താൻ മുമ്പ് നിയമിച്ച് അംഗീകാരമില്ലാതെ തുടരുന്ന പൂർണ്ണയോഗ്യതയുള്ള ഒരു ടീച്ചറെ അടുത്തുണ്ടാകുന്ന അംഗീകാരവും ശമ്പളവും ലഭിക്കാനുതകുന്ന ഒഴിവിലേക്ക് മാറ്റി നിയമിക്കാൻ നിർബന്ധിതനാക്കുന്നു എന്ന ചട്ടപ്രകാരമുള്ള നിലപാടിന് ബഹു. കോടതി പുറപ്പെടുവിച്ച (Joshi V Krishna P. Rajan, W.A.No.147/2006 & Connected cases Dated 14.07.2006) വിധിന്യായം അടിവരയിടുന്നു.

ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള ആദ്യ നിയമനം അംഗീകരിക്കപ്പെടാതെ തുടർന്നതിനാലാണ് 06/06/2019 മുതൽ ലഭ്യമായ അംഗീകാരം ലഭിക്കാനുതകുന്ന വേക്കൻസിയിലേക്ക് 01/07/2019 മുതൽ മാറ്റി ക്രമീകരിച്ച് നിയമനം നൽകിയത്. 01/07/2019 മുതലുള്ള നിയമനത്തിന് ആദ്യം അംഗീകാരം ലഭിച്ചതിനാലാണ് ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ ബാധകമാക്കി ശമ്പള സ്കെയിലിൽ പ്രൊവിഷണലായി അംഗീകാരം നൽകാനിടയായിട്ടുള്ളത്. തുടർന്ന് 06/02/2021 ലെ സ.ഉ.(പി)നം.4/2021 പൊ.വി.വ. നമ്പർ ഉത്തരവിൽ അധിക തസ്തികകളിലെ നിയമനങ്ങൾക്ക് ചില നിബന്ധനകളോടെ അംഗീകാരം നൽകുന്നതിന് അനുമതി നൽകിയതിന്റെ വെളിച്ചത്തിൽ 02/07/2018 മുതലുള്ള ആദ്യ നിയമനത്തിന് 30/06/2019 വരെ (അതായത് കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്ത കാലയളവ്) പരിമിതപ്പെടുത്തി അംഗീകാരം നൽകിയത്. ഹർജിക്കാരിയുടെ നിയമനം Form-27 ൽ 02/07/2018 മുതൽ തുടർച്ചയായിട്ടാണ് മാനേജർ നടത്തിയത്. ടി വേക്കൻസി 30/06/2019 ന ശേഷവും തുടരുന്നതും 2019-20 വെക്കേഷൻ

ഉൾപ്പെട്ടു വരുന്നതും കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 49 ലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതുമായതിനാൽ 30/06/2019 വരെ പരിമിതപ്പെടുത്താതെ 02/07/2018 മുതൽ തുടർച്ചയായി അംഗീകാരം ലഭിക്കുന്നതിനാണ് അർഹതയുള്ളത്.

മേൽ വിവരിച്ച പ്രകാരം ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള ആദ്യ നിയമനം 30/06/2019 വരെ പരിമിതപ്പെടുത്താതെ അംഗീകാരം ലഭിക്കുമെന്നതിനാൽ 01/07/2019 മുതലുള്ള നിയമനം തുടർച്ചയായിട്ടുള്ളതായി കണക്കാക്കാവുന്നതുമാണ്. അതിനാൽ ഹർജിക്കാരിയുടെ 15/07/2017 മുതൽ ലഭ്യമായ അംഗീകൃത അധിക ഡിവിഷൻ വേക്കൻസിയിലെ 02/07/2018 മുതൽ തുടർച്ചയായുള്ള നിയമനം 18/11/2018 ന് മുമ്പുള്ള വേക്കൻസിയിലായതിനാൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ ബാധകമാക്കാതെ അംഗീകാരത്തിനാണ് അർഹതയുള്ളത്.

തുടർന്ന് ഹർജിക്കാരിയുടെ 01/07/2025 മുതലുള്ള എച്ച്.എസ്.റ്റി. തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 നോട്ട് (2) ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ളതും എല്ലാ യോഗ്യതകളും ആർജ്ജിച്ചിട്ടുള്ളതുമായ ടി സ്ഥാനക്കയറ്റത്തിനും മറ്റ് പരിഗണനകൾ കൂടാതെ അംഗീകാരത്തിനും ആനുകൂല്യത്തിനും അർഹതയുണ്ട്. നിയമനാംഗീകാരം ലഭിക്കുന്നത് വരെ ലോവർ സ്കെയിലിലുള്ള ശമ്പളം ലഭിക്കുന്നതിനും അർഹതയുണ്ട്.

മേൽ വിവരിച്ച കാരണങ്ങൾ പരിഗണിച്ച്

i) ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള തുടർച്ചയായ നിയമനത്തിന് 30/06/2019 വരെ പരിമിതപ്പെടുത്തി അംഗീകാരം നൽകിയ 07/11/2023-ലെ ബി4/13729/202 ഉത്തരവ് റിവൈസ് ചെയ്ത് തുടർച്ചയായി അംഗീകാരം നൽകുന്നതിന് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണം.

ii) ഹർജിക്കാരിയുടെ 15/07/2017-ൽ ഉണ്ടായ വേക്കൻസിയിലെ 02/07/2018 മുതലുള്ള നിയമനം തുടർച്ചയായുള്ളതായതിനാൽ 30/07/2024-ലെ ഉത്തരവ് റിവൈസ് ചെയ്ത് ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ ബാധകമാക്കാതെ റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണം.

iii) 01/07/2025 മുതലുള്ള എച്ച്.എസ്.റ്റി. നാച്ചറൽ സയൻസ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം നൽകുന്നതിന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണം.

iv) 01.07.2025 മുതലുള്ള സ്ഥാനക്കയറ്റത്തിന് അംഗീകാരം ലഭിക്കുന്നതുവരെ ലോവർ സ്കെയിലിലെ ശമ്പളം അനുവദിക്കുന്നതിന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമായിരുന്നു.

"സി.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുള്ള കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ 2017-2018 വർഷം അനുവദിച്ചിട്ടുള്ളതും നിലവിൽ തുടരുന്നതുമായ യു.പി.എസ്.ടി അധിക തസ്തികയിൽ മാനേജർ ശ്രീമതി റ്റിന്റു സാറ മോസസ് നെ 02/07/2018 മുതൽ തുടർച്ചയായി നിയമിക്കുകയും നിയമനാംഗീകാര അപേക്ഷ കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. സംരക്ഷിത

അധ്യാപക നിയമന വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ നിരസിക്കപ്പെട്ട മേൽപ്പടി നിയമനാംഗീകാരം 06/02/2021 തീയതിയിലെ 4/2021/പൊ.വി.വ സർക്കാർ ഉത്തരവ്, 26/02/2021 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന നൽകിയാൽ നിയമന തീയതി മുതൽ നോഷണൽ ആയും 06/02/2021 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാമെന്നും സംരക്ഷിതാധ്യാപക വ്യവസ്ഥകൾ പാലിക്കാതെ നിരസിക്കപ്പെട്ട നിയമനാംഗീകാരങ്ങൾ റീ-ഓപ്പൺ ചെയ്തു നടപടി സ്വീകരിക്കാമെന്നും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ "സമന്വയ" യിൽ ഫയൽ റീ ഓപ്പൺ ചെയ്തു.

കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ 2017-2018 വർഷം അനുവദിച്ചിട്ടുള്ള യു.പി.എസ്.റ്റി. അധിക തസ്തികയിൽ 2017-2018 മുതൽ മാനേജർ നിയമനം നടത്തിയിട്ടുള്ളതാണ്. 2017-2018 ൽ മാനേജർ നിയമിച്ച ശ്രീമതി ആഷ്‌ലി തോമസ് ടി തസ്തികയിൽ 15/07/2017 മുതൽ 01/07/2018 വരെ സേവനമനുഷ്ഠിച്ചിട്ടുള്ളതാണ്. ടി നിയമനവും കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചിട്ടുള്ളതാണ്. തുടർന്നാണ് മാനേജർ ശ്രീമതി റ്റിന്റു സാറ മോസസ് നെ 02/07/2018 മുതൽ നിയമിച്ചത്.

സി.എം.എസ് കോർപ്പറേറ്റ് മാനേജരുടെ 10/05/2024 ലെ 119/2024 നമ്പർ കത്ത് പ്രകാരം ടിയാളുടെ അധിക തസ്തികയിലെ നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ മറ്റൊരു വ്യവസ്ഥാപിത ഒഴിവിൽ കഴിക്കാലാ സി.എം.എസ് ഹൈസ്കൂളിൽ 01/07/2019 മുതൽ മാറ്റി നിയമിച്ചിരുന്നു എന്നും ടിയാൾ അധിക തസ്തികയിൽ 02/07/2018 മുതൽ 30/06/2019 വരെയേ സേവനം അനുഷ്ഠിച്ചിട്ടുള്ളൂ എന്നും 2017-18 ലെ അധിക തസ്തികയിൽ 02/07/2019 മുതൽ ശ്രീമതി സൈറ ജേക്കബിനെ നിയമിച്ചിരുന്നു എന്നും ടിയാൾ ഈ തസ്തികയിൽ തുടരുകയും ചെയ്യുന്നതിനാൽ 02/07/2018 മുതലുള്ള ശ്രീമതി റ്റിന്റു സാറ മോസസ് ന്റെ നിയമനം പരിമിതപ്പെടുത്തണമെന്ന് മാനേജർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ടി നിയമനം 30/07/2024 തീയതിയിലെ B2/56223/2023 നമ്പർ ഉത്തരവ് പ്രകാരം 02/07/2018 മുതൽ 30/06/2019 വരെ പരിമിതപ്പെടുത്തി നൽകിയിട്ടുള്ളത്.

തുടർന്ന് സി.എം.എസ്. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ, കുഴിക്കാല സി.എം.എസ്.എച്ച്.എസ്. ലെ യു.പി.എസ്.റ്റി തസ്തികയിൽ ശ്രീമതി റ്റിന്റു സാറ മോസസിനെ 01/07/2019 മുതൽ നിയമിച്ചു. ടി വിദ്യാലയത്തിലെ യു.പി.എസ്.എ. ശ്രീമതി ജൂലി മാത്യുവിനെ 06/06/2019 മുതൽ മല്ലപ്പള്ളി സി.എം.എസ്.എച്ച്.എസ്. ലേക്ക് സ്ഥലം മാറ്റി നിയമിച്ച ഒഴിവിലേക്കായിരുന്നു മേൽ നിയമനം. ശ്രീമതി ജൂലി മാത്യുവിന്റെ സ്ഥലംമാറ്റം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിച്ചിട്ടില്ലാത്തതിനാലും അപേക്ഷ പൂർണരൂപത്തിലല്ലാത്തതിനാലും ടി നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 28/01/2020-ലെ ബി4/13729/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കപ്പെട്ടിരുന്നു..

ശ്രീമതി റ്റിന്റു സാറ മോസസിന്റെ നിയമനം നിരസിച്ചതിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 2020 ഫെബ്രുവരി 15 ന് ശേഷം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുകളിലും അപ്പീൽ സ്വീകരിക്കുവാൻ പാടില്ല എന്ന് എച്ച്2/31576/2019 നമ്പർ കത്ത് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദേശിച്ചിരുന്നതിനാൽ 14/09/2020-ലെ ബി4/211811/2020 നമ്പർ ഉത്തരവു പ്രകാരം

അപ്പീൽ നിരസിക്കപ്പെട്ടു.

തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. മാതൃ അധ്യാപികയായ ശ്രീമതി ജൂലി മാത്യുവിന്റെ 06/06/2019 മുതൽ സി.എം.എസ്.എച്ച്.എസ്. മല്ലപ്പള്ളിയിലേക്കുള്ള സ്ഥലം മാറ്റം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/05/2021 തീയതിയിലെ ബി6/2752/21/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീമതി റ്റിന്റു സാറ മോസസിന്റെ നിയമനത്തിനുള്ള ഒഴിവ് വ്യവസ്ഥാപിതമാണെന്ന് ബോധ്യമായതിനാൽ ഈ കാര്യാലയത്തിലെ 10/03/2022 തീയതിയിലെ ET3/234215/2021 നമ്പർ ഉത്തരവ് പ്രകാരം ക്രമപ്രകാരമെങ്കിൽ നിയമനം അംഗീകരിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിക്കപ്പെട്ടു. സ.ഉ.(കൈ)നം.162/2022 ഉത്തരവ് പ്രകാരം 18/11/2018 മുതലുള്ള നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമാണ്. ആയതിനാൽ 25/06/2022 - ലെ സ.ഉ.(കൈ)നം.111/2022/പൊവിവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തിനാൽ ടി നിയമനം 13/09/2023-ലെ ബി4/13729/2019 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മടക്കി നൽകുകയുണ്ടായി.

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 01/11/2023-ലെ ജെ.ആർ.1/502/2023 നമ്പർ ഉത്തരവു പ്രകാരം 18/11/2018-നും 08/11/2021 നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക്, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ തടസ്സമാക്കാതെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്കു വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിനും അനുമതി നൽകി ഉത്തരവായിരിക്കുന്നു. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 3 യു.പി.എസ്.റ്റി തസ്തിക അനുവദിച്ചിട്ടുണ്ട്. നിയമന തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം നിയമിക്കപ്പെട്ട അധ്യാപിക ഉൾപ്പെടെ 3 അധ്യാപകർ യു.പി. വിഭാഗത്തിൽ ജോലി ചെയ്തു വരുന്നു. ആയതിനാൽ നിയമനം അനുവദിക്കപ്പെട്ട തസ്തികയിലാണ്. നിയമിത നിശ്ചിത പ്രായപരിധിക്കുള്ളിലാണ്. ഈ സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണ്. ടി സ്കൂൾ പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ വിഭാഗത്തിലുള്ളതല്ല. ശ്രീമതി ജൂലി മാത്യുവിന്റെ 06/06/2019 മുതൽ സി.എം.എസ്.എച്ച്.എസ്. മല്ലപ്പള്ളിയിലേക്ക് ഉള്ള സ്ഥലം മാറ്റം തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/05/2021 തീയതിയിലെ ബി6/2752/21/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി റ്റിന്റു സാറ മോസസ്സിന്റെ നിയമനത്തിനു ഒഴിവ് വ്യവസ്ഥാപിതമാണ്. നിയമിതയ്ക്ക് കെ-ടെറ്റ് ഉൾപ്പെടെ പൂർണ്ണ യോഗ്യതയുണ്ട്.

മേൽ സാഹചര്യത്തിൽ, ഈ കാര്യാലയത്തിൽ നിന്നുമുള്ള 10/03/2022 - ലെ ET3/234215/2021 നമ്പർ ഉത്തരവ് പ്രകാരവും പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 01/11/2023-ലെ ജെ.ആർ.1/502/2023 നമ്പർ ഉത്തരവിന്റെയും ഈ കാര്യാലയത്തിലെ 01/11/2023-ലെ എച്ച്2/15133/2023 നമ്പർ പുറത്തെഴുത്തു ഉത്തരവിന്റെയും, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്കും വിധേയമായി ശ്രീമതി റ്റിന്റു സാറാ മോസസിന്റെ 01/07/2019 മുതലുള്ള യു.പി.എസ്.റ്റി തസ്തികയിലെ നിയമനം മാനേജരുടെ ഡിക്ലറേഷന്റെ

അടിസ്ഥാനത്തിൽ 25200-54000 ശമ്പള സ്കെയിലിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നത് വരെ പരിമിതപ്പെടുത്തി, താൽക്കാലികമായി കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകിയിട്ടുള്ളതാണ്.

സി.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള സി.എം.എസ്. ഹൈസ്കൂൾ മല്ലപ്പള്ളിയിൽ എച്ച്.എസ്.റ്റി. നാച്ചറൽ സയൻസ് അധ്യാപിക ആയിരുന്ന ശ്രീമതി എസ്സി എബ്രഹാമിന് 02/06/2025 പ്രാബല്യം മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി സി.എം.എസ്. കോളേജ് എച്ച്.എസ്.എസ്. കോട്ടയത്തേക്ക് മാറ്റി നിയമിച്ചതിനെ തുടർന്ന് സംജാതമായ ഒഴിവിലേക്കു കുഴിക്കാല സി.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി റ്റിന്റു സാറാ മോസസിനെ 01/07/2025 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി സി.എം.എസ്. ഹൈസ്കൂൾ മല്ലപ്പള്ളിയിൽ മാനേജർ നിയമിക്കുകയുണ്ടായി.

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ കുഴിക്കാല സി.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.റ്റി. തസ്തികയിലെ 01/07/2019 മുതലുള്ള ടിയാളുടെ നിയമനം ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി ശമ്പള സ്കെയിലിൽ താൽക്കാലികമായാണ് അംഗീകരിച്ച് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട് താൽക്കാലികമായി ശമ്പള സ്കെയിലിൽ നിയമന അംഗീകാരം ലഭിച്ച ജീവനക്കാർക്ക്, അതത് സ്കൂളിലോ മാനേജ്മെന്റിലോ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി താൽക്കാലികമായി ആയി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളം അനുവദിക്കാനും 28/11/2024 തീയതിയിലെ ജെ.ആർ1/578/2024/പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ശ്രീമതി റ്റിന്റു സാറ മോസസിന് എച്ച്.എസ്.റ്റി. നാച്ചറൽ സയൻസ് തസ്തികയിലേക്കുള്ള നിയമനത്തിന് K-TET ഉൾപ്പെടെ പൂർണ്ണ യോഗ്യത ആർജ്ജിച്ചിട്ടുണ്ട്. തസ്തിക ഉത്തരവുപ്രകാരം അനുവദിക്കപ്പെട്ട തസ്തികയിലാണ് നിയമനം. മാനേജർ നിയമനാംഗീകാരത്തിനായുള്ള അപേക്ഷ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ശ്രീമതി എസ്സി എബ്രഹാമിന്റെ സ്ഥാനക്കയറ്റ ഒഴിവിലേക്കാണ് ശ്രീമതി റ്റിന്റു സാറ മോസ്സസിനെ നിയമിച്ചിരിക്കുന്നത് എന്നാൽ ശ്രീമതി എസ്സി എബ്രഹാമിന്റെ സ്ഥാനക്കയറ്റം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ശ്രീമതി റ്റിന്റു സാറ മോസ്സസിനെ നിയമിച്ചിട്ടുള്ള ഒഴിവ് വ്യവസ്ഥാപിതമല്ല.

2. നിയമന ഉത്തരവിൽ നിയമിക്കപ്പെട്ട ഒഴിവിന്റെ സ്വഭാവം, നിയമനത്തിന്റെ സ്വഭാവം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. (സ്ഥാനക്കയറ്റ നിയമനം ആണെന്നും സ്ഥാനക്കയറ്റ ഒഴിവിലേക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടില്ല)

3. ശ്രീമതി റ്റിന്റു സാറ മോസസിന്റെ മുൻ സേവന വിവരങ്ങൾ പരിശോധിക്കുന്നതിനായി സേവന പുസ്തകത്തിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് സമർപ്പിച്ചിട്ടില്ല.

ശ്രീമതി എസ്സി എബ്രഹാമിന്റെ സ്ഥാനക്കയറ്റം അംഗീകരിച്ച ഉത്തരവ് സഹിതം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളിലെ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശ്രീമതി റ്റിന്റു സാറ മോസസ്സിന് ചട്ടം 43 അവകാശം ഉള്ളതായി

കണക്കാക്കി 28/11/2024 തീയതിയിലെ ജെ.ആർ1/578/2024/പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം എച്ച്.എസ്.റ്റി. തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് ശമ്പള സ്കെയിലിൽ താൽക്കാലികമായി നിയമനാംഗീകാരം നൽകാൻ കഴിയുന്നതാണ്. ശ്രീമതി റ്റിന്റു സാറ മോസസ്സിന്റെ എച്ച്.എസ്.റ്റി. നാചറൽ സയൻസ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നത് വരെ ടിയാൾക്ക് ലോവർ സ്കെയിലിൽ ശമ്പളം മാറുവാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 01/11/2025 തീയതിയിലെ DEOTVL/2055/2025-B6 ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്."

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സി.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുള്ള കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിൽ 2017-2018 വർഷം അനുവദിച്ചിട്ടുള്ളതും നിലവിൽ ഇപ്പോഴും തുടരുന്നതുമായ യു.പി.എസ്.റ്റി. അധിക തസ്തികയിൽ മാനേജർ ശ്രീമതി റ്റിന്റു സാറ മോസസിനെ 02/07/2018 തീയതിയിൽ നിയമിച്ചു. കെ.ഇ.ആർ. XXI ചട്ടം 7(1) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ടി അംഗീകാരത്തിന് അന്ന് നിയമനം ലഭിച്ചില്ല. ഹർജിക്കാരിയുടെ 02/07/2018 മുതൽ കോട്ടയം സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂളിലെ നിയമനത്തിന് 06/02/2021 - ലെ ജി.ഒ.(പി) നം.4/2021/പൊവിവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കോട്ടയം ജില്ലാ ഓഫീസർ 02/07/2018 മുതൽ 30/06/2019 വരെ പരിമിതപ്പെടുത്തി നോഷണൽ ആയി നിയമന അംഗീകാരം നൽകിയിരുന്നു. ശ്രീമതി റ്റിന്റു സാറാ മോസസ് അധിക തസ്തികയിലെ നിയമനം അംഗീകരിക്കപ്പെടാതെ തുടരുന്ന സാഹചര്യത്തിൽ ടിയാളെ മറ്റൊരു വ്യവസ്ഥാപിത തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് വേണ്ടി ടി തസ്തികയിൽ 02/07/2019 മുതൽ ശ്രീമതി സൈറ ജേക്കബിനെ നിയമിക്കുകയും തുടർന്ന് 01/07/2019 മുതൽ ശ്രീമതി റ്റിന്റു സാറ മോസസിനെ വ്യവസ്ഥാപിത ഒഴിവിൽ മാറ്റി നിയമിക്കുകയും ചെയ്തതിനെ തുടർന്ന് ആദ്യ നിയമനം 30/06/2019 വരെ പരിമിതപ്പെടുത്തണമെന്ന് മാനേജർ ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഈ നിയമനം 02/07/2018 മുതൽ 30/06/2019 വരെ പരിമിതപ്പെടുത്തുന്ന സാഹചര്യമുണ്ടായത്.

5. 02/07/2018 മുതൽ തുടർച്ചയായി നിയമനം ലഭിച്ചശേഷം അംഗീകാരം ലഭിക്കാതെ സേവനത്തിൽ തുടർന്ന് വന്നിരുന്ന ഹർജിക്കാരിയെ ടി മാനേജ്മെന്റിന് കീഴിലുള്ള പത്തനംതിട്ട കുഴിക്കാല സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ സംജാതമായ റെഗുലർ ഒഴിവിലേക്ക് ക്രമീകരിച്ച് 01/07/2019 ൽ നിയമിച്ചിരുന്നു. ഈ നിയമനം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി നിയമന തീയതി മുതൽ ശമ്പള സ്കെയിൽ പ്രൊവിഷണൽ ആയി പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നു. 18/11/2018 ന് ശേഷമുള്ള ഒഴിവായതിനാൽ ആണ് ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി നിയമനം അംഗീകരിക്കാൻ ഇടയായത്.

6. ഹർജിക്കാരിയുടെ 02/07/2018 മുതലുള്ള ആദ്യ നിയമനം 30/06/2019 വരെ പരിമിതപ്പെടുത്താതെ അംഗീകാരം നൽകുകയാണെങ്കിൽ 01/07/2019 മുതലുള്ള തുടർച്ചയായി ഉള്ള നിയമനം ടിയാരിയുടെ 15/07/2017 മുതൽ ലഭ്യമായിട്ടുള്ള അംഗീകൃത വേക്കൻസിയിലെ 02/07/2018 മുതൽ തുടർച്ചയായി ഉള്ള നിയമനം ആയി കണക്കിലെടുത്താൽ ടി നിയമനം 18/11/2018 ന് മുമ്പുള്ള വേക്കൻസിയിൽ ഉള്ളത് ആയതിനാൽ ഭിന്നശേഷി സംവരണ

വ്യവസ്ഥകൾ ബാധകമാക്കാതെ അംഗീകരിച്ച കിട്ടണം എന്നുള്ളതാണ് ഹർജിക്കാരിയുടെ ഒരു ആവശ്യം.

7.ഹർജിക്കാരിയെ ടി മാനേജ്മെന്റിന് കീഴിലുള്ള മറ്റൊരു സ്കൂളിൽ സംജാതമായ റെഗുലർ ഒഴിവിലേക്ക് (01/07/2019 ൽ) ക്രമീകരിച്ച് നിയമിച്ചിരിക്കുകയാണ്. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് സ്കൂൾ അടിസ്ഥാനത്തിലാണ്, മാനേജ്മെന്റ് അടിസ്ഥാനത്തിലല്ല. ആയതിനാൽ 15/07/2017-ൽ ഉണ്ടായ വേക്കൻസിയിലെ 02/07/2018 മുതലുള്ള നിയമനം 30/06/2019 വരെ പരിമിതപ്പെടുത്തി അംഗീകാരം നൽകിയ 07/11/2023-ലെ ബി4/13729/202 ഉത്തരവ് റിവൈസ് ചെയ്ത് തുടർച്ചയായി അംഗീകാരം നൽകാനാവില്ല. 01/07/2019 ലെ നിയമനത്തിന് ഭിന്നശേഷി സംവരണം ബാധകമാണ്.

8. സി.എം.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥയിലുള്ള സി.എം.എസ്. ഹൈസ്കൂൾ മല്ലപ്പള്ളിയിൽ എച്ച്.എസ്.റ്റി. നാചറൽ സയൻസ് അധ്യാപിക ആയിരുന്ന ശ്രീമതി എസ്സി എബ്രഹാമിന്റെ സ്ഥാനക്കയറ്റ ഒഴിവിൽ കുഴിക്കാല സി.എം.എസ്. ഹൈസ്കൂളിലെ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി റ്റിന്റു സാറ മോസസിനെ 01/07/2025 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടി സ്ഥാനക്കയറ്റത്തിന് അംഗീകാരം നൽകുന്നതിന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും അംഗീകാരം ലഭിക്കുന്നത് വരെ ലോവർ സ്കെയിലിലെ ശമ്പളം അനുവദിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും ഉള്ളതാണ് ഹർജിക്കാരിയുടെ രണ്ടാമത്തെ ആവശ്യം. എന്നാൽ ഈ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ശ്രീമതി റ്റിന്റു സാറ മോസസിനെ ചട്ടം 43 ആവകാശമുള്ളതായി കണക്കാക്കി 28/11/2024 തീയതിയിലെ ജെ.ആർ1/578/2024/പൊവിവ നമ്പർ സർക്കാർ കത്ത് പ്രകാരം എച്ച്.എസ്.റ്റി. തസ്തികയിലെ സ്ഥാനക്കയറ്റത്തിന് ശമ്പള സ്കെയിലിൽ താൽക്കാലികമായി നിയമന അംഗീകാരം നൽകാമെന്നും സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭിക്കുന്നത് വരെ ടിയാൾക്ക് ലോവർ സ്കെയിലിൽ ശമ്പളം മാറാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നൽകിയിട്ടുള്ളതാണെന്നും പൊതു വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ 01/07/2019 ലെ നിയമനത്തിന് ഭിന്നശേഷി സംവരണം ബാധകമായതിനാൽ 15/07/2017-ൽ ഉണ്ടായ വേക്കൻസിയിലെ 02/07/2018 മുതലുള്ള നിയമനം 30/06/2019 വരെ പരിമിതപ്പെടുത്തി അംഗീകാരം നൽകിയ 07/11/2023-ലെ ബി4/13729/202 ഉത്തരവ് റിവൈസ് ചെയ്ത് തുടർച്ചയായി അംഗീകാരം നൽകണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. മേൽ പ്രകാരം പരാമർശം (1) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

ശ്രീമതി റ്റിന്റു സാറാ മോസസ്, എച്ച്.എസ്.റ്റി. (എൻ.എസ്.), സി.എം.എസ്. ഹയർ സെക്കന്ററി സ്കൂൾ, മല്ലപ്പള്ളി, പത്തനംതിട്ട-689 584.

വൈസ് പ്രിൻസിപ്പാൾ, സി.എം.എസ്. കോളേജ് ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം.

വൈസ് പ്രിൻസിപ്പാൾ, സി.എം.എസ്. ഹയർ സെക്കൻ്ററി സ്കൂൾ, കുഴിക്കാല
മാനേജർ, സി.എം.എസ്. സ്കൂൾസ്, കോട്ടയം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (ജെ.എ.3/196/2026-പൊ.വി.വ. നമ്പർ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആൻ്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/142/2025/പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Signed by
Aji Kumar R
സെക്ഷൻ ഓഫീസർ
Date: 07-07-2026 14:27:12